**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പും എം.എൽ.എ. ആസ്തി വികസന ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് പ്രയാസമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18.10.2023ലെ സ.ഉ (സാധാ) നം .305/2023/ ക.യു.വ പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. ഇതു പ്രകാരം പ്ലാൻ ഫണ്ടിന്റെയും എം.എൽ.എ ഫണ്ടിന്റെയും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം ഭരണാനുമതി ലഭ്യമാക്കി പ്രത്യേകം ദർഘാസ് ക്ഷണിക്കുകയാണ് ചെയ്തിരുന്നത്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാൽ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സാങ്കേതികതടസ്സങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ളതിനാൽ ഒറ്റ ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇപ്രകാരം, എം.എൽ.എ ഫണ്ട് ലഭ്യമായ 12 പദ്ധതികൾക്ക് കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/ |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു പ്രവർത്തി (കള്ളിക്കാട്) പൂർത്തീകരിച്ചിട്ടുണ്ട്. 3 പ്രവർത്തികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനായി SOP (Standard Operating Procedure) നിശ്ചയിച്ചും പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ